**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2781 — 20.03.2015 -ലെ മറുപടിയ്ക്ക്

## കോഴിക്കോട് സർവ്വകലാശാലയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>,, എ. പ്രദീപ്കുമാർ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, പുരുഷൻ കടലുണ്ടി : | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് വിശദമാക്കാമോ ; വൈസ് ചാൻസലറുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതികൾ പരിശോധിക്കുകയുണ്ടായോ ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | (എ) | ഉണ്ട്. വൈസ് ചാൻസലർ ഇരട്ട ശമ്പളം വാങ്ങുന്നു, പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിൽ ചട്ടവിരുദ്ധമായി B.Tech ന് പുന പരീക്ഷ നടത്തി തുടങ്ങിയ പരാതികൾ ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ പ്രശ്നം ഉൾപ്പെടെയുള്ള സർവ്വകലാശാലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ 28.10.14 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും വി.സി.യും സിൻഡിക്കേറ്റും പരസ്പര ബഹുമാനത്തോടും ജനാധിപത്യ രീതിയിലും പ്രവർത്തിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. |
| (ബി) | വൈസ് ചാൻസലർ ഇരട്ടശമ്പളം കൈപ്പറ്റിയത് സംബന്ധിച്ച പരാതിയിൽ ചാൻസലറുടെ തീരുമാനം എന്തായിരുന്നു ; | (ബി) (സി) & (ഡി) | വൈസ് ചാൻസലർ ഇരട്ട ശമ്പളം വാങ്ങുന്നതു സംബന്ധിച്ച പരാതിയിൻമേൽ ചാൻസലർ, സർക്കാരിന്റെ അഭിപ്രായം ആരായുകയുണ്ടായി. കെ.എസ്.ആർ ഭാഗം III, ചട്ടം 100 പ്രകാരം ശമ്പളം നിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കാൻ ബഹു. ചൻസലറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ വൈസ് ചാൻസലർ സമർപ്പിച്ച ഹർജിയിൽമേൽ തുക തിരികെ പിടിക്കുന്നത് ബഹു. ഹൈക്കോടതി താത്കാലികമായി |
| (സി) | കൈപ്പറ്റിയ ഇരട്ട ശമ്പളം ചാൻസലറുടെ ഉത്തരവ് പ്രകാരം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | | |
| (ഡി) | ചാൻസലറുടെ ഉത്തരവ് നടപ്പിലാക്കാൻ ബാധ്യതപ്പെട്ട വൈസ് ചാൻസലർ അതിന് തയ്യാറാകാത്ത സാഹചര്യത്തിൽ ടിയാനെതിരെ | | |

| | | | |
|---|---|---|---|
| | ചട്ടപ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | | തടഞ്ഞിരിക്കുകയാണ്. സർവ്വകലാശാല നിയമപ്രകാരം വൈസ് ചാൻസലർക്കെതിരെ നടപടി സ്വീകരിക്കേണ്ടത് ചാൻസലറാണ്. |

സെക്ഷൻ ഓഫീസർ